പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3610 12.12.2014 ൽ മറുപടിയ്ക്ക്

സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഫോർ ഡിസെബിലിറ്റീസ് പദ്ധതി

ചോദ്യം

ഡോ.എൻ.ജയരാജ്

ശ്രീ.പി.സി.ജോർജ്

ശ്രീ.റോഷി അഗസ്റ്റിൻ

മറുപടി

ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഫോർ ഡിസെബിലിറ്റീസ് എന്ന പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്; വിശദാംശങ്ങൾ നൽകുമോ; | (എ) വൈകല്യ പ്രതിരോധം, കണ്ടുപിടിക്കൽ, ഇടപെടൽ, അംഗപരിമിതരുടെ വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലയിൽ ഊന്നൽ നൽകുന്നതിനായി സർക്കാർ പ്രത്യേകം താല്പര്യമെടുത്ത് ആരംഭിച്ച പദ്ധതിയാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് |
| (ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ; | (ബി) പദ്ധതിയിൻ കീഴിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>1. എം.എം.ആർ വാക്സിനേഷൻ- മംപ്സ്, മീസൽസ്, റൂബെല്ല എന്നിവയെ പ്രതിരോധിക്കുന്നതിനായി കേരളത്തിലുടനീളമുള്ള സർക്കാർ ആശുപത്രികളിൽ 2014 ജനുവരി മുതൽ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടുകൂടി എം.എം.ആർ വാക്സിനേഷൻ നൽകി വരുന്നു.<br>2. റൂബെല്ലാ വാക്സിനേഷൻ- ഫെബ്രുവരി 2014 ൽ കേരളത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 9-12 വരെയുള്ള ക്ലാസ്സുകളിൽ പഠിച്ചിരുന്ന കൗമാരക്കാരായ 2,05,000 പെൺകുട്ടികൾക്ക് റൂബെല്ലാ വാക്സിനേഷൻ നൽകിയിട്ടുണ്ട്. 2014-15 വർഷത്തിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന 8 ഉം 9 ഉം ക്ലാസ്സുകളിലെ പെൺകുട്ടികൾക്ക് റൂബെല്ലാ വാക്സിനേഷൻ നൽകി വരുന്നു.<br>3. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം(DEIC)- കുട്ടികളിലെ വൈകല്യവും വളർച്ചയുടെ വിവിധ ഘട്ടങ്ങളിലെ കാലതാമസവും കണ്ടെത്തുന്നതിനായി എല്ലാ ജില്ലകളിലും ഓരോ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (DEIC) സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ കീഴിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതിന്റെ ഭാഗമായി |

| | |
|---|---|
| | 14 ജില്ലകളിലും സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിൻ കീഴിലുള്ള സ്ഥലങ്ങളിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണത്തിനായുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു.<br>4. കേൾവി പരിശോധന പദ്ധതി-കുഞ്ഞുങ്ങളിലെ കേൾവി വൈകല്യം തടയുന്നതിനായി ജനിച്ചാലുടൻ തന്നെ കേൾവി പരിശോധിക്കുന്നതിനായി Otto Acoustic Emission Screeners കേരളത്തിലെ 40 സർക്കാർ പ്രസവ ആശുപത്രികളിൽ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് നൽകിയിട്ടുണ്ട്. ഈ ഉപകരണം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനായി 40 ആശുപത്രികളിലും ഓരോ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി നീക്കി വച്ച തുകയെത്രയാണ്? | (സി) നടപ്പ സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്കായി 20 കോടി രൂപ അധിക കേന്ദ്ര വിഹിതമായും സംസ്ഥാന വിഹിതമായി 20 കോടി രൂപയും ഉൾപ്പെടെ ആകെ 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ